നമ്പർ. സി1/8220/റ്റി.സി/2009

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
കേരളം, തിരുവനന്തപുരം.
തീയതി: 18.05.2009

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക്

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് - റെന്റ് എ ക്യാബ് പദ്ധതി അനധികൃതമായി നടത്തുന്നത് നിർത്തലാക്കുന്നത് - സംബന്ധിച്ച്

സൂചന: ശ്രീ.മുഹമ്മദ് ഹാരിഫ് ചിറ്റാലിക്കൽ, കണ്ണോത്തുംചാൽ റോഡ്, കണ്ണൂർ-6 നൽകിയ നിവേദനം

മേൽ സൂചനപ്രകാരം കിട്ടിയ നിവേദനത്തിൽ നിന്നും സംസ്ഥാനത്തിലുടനീളം അനിധികൃതമായി "റെന്റ് എ കാർ" സ്കീം നടത്തപ്പെടുന്നതായി പരാതിപ്പെട്ടിരിക്കുന്നു. നിയമാനുസൃതമായി "റെന്റ് എ ക്യാബ് പദ്ധതി നടത്തുന്നവർക്കും അതുപോലെ തന്നെ സർക്കാരിനും ഇതുമൂലം വലിയ സാമ്പത്തിക നഷ്ടമുണ്ടാകും തന്നെയുമല്ല സ്വകാര്യ വാഹനങ്ങൾ അനധികൃതമായി വാടകയ്ക്ക് നൽകിയാൽ അത് ഉപയോഗിക്കുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷ കിട്ടുകയുമില്ല. ഈ സാഹചര്യത്തിൽ പരാതിയുടെ നിജസ്ഥിതി അന്വേഷിച്ച് വിശദമായ റിപ്പോർട്ട് അടിയന്തിരമായി നൽകുവാൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡി.റ്റി.സി (ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

പകർപ്പ്:-

1. എല്ലാ ഡി.റ്റിസിമാർക്കും. ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കാൻ താത്പര്യപ്പെടുന്നു.
2. പരാതിക്കാരന്റെ അറിവിലേക്ക്

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്
കെ എസ്
21/5/09